## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1884 — 10.03.2020-ൽ മറുപടിയ്ക്ക്

### ചാലക്കുടിയിൽ ആയുഷ് ആയുർവ്വേദ ചികിത്സാ കേന്ദ്രം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | ചാലക്കുടിയിൽ അനുവദിച്ച ആയുഷ് ആയുർവ്വേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | ചാലക്കുടിയിൽ അനുവദിച്ച ആയുഷ് ആയുർവേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ചാലക്കുടി നഗരസഭ ഭാരതീയ ചികിത്സാ വകുപ്പിന് സ്ഥലം കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കാൻ കാലതാമസം ഉള്ളതിനാൽ താത്ക്കാലികമായി നഗരസഭയുടെ പെർമിസീവ് സാംങ്ഷനോടെ ആശുപത്രി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ചികിത്സാ കേന്ദ്രത്തിന് അന്തരിച്ച ആയുർവ്വേദാചാര്യൻ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേര് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | ബി) യും (സി) യും | പ്രസ്തുത ചികിത്സാ കേന്ദ്രത്തിന് അന്തരിച്ച ആയുർവ്വേദാചാര്യൻ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേര് നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയില്ലായെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| (സി) | തിരുമുല്പാടിന്റെ പേര് നൽകണമെന്ന ചാലക്കുടി നഗരസഭാ കൗൺസിലിന്റെ അപേക്ഷ പരിഗണിച്ച് ഉത്തരവിറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

Signature valid
Digitally signed by SANGEETHA T
Date: 2020.03.12 17:14:27 IST
Reason: Approved

സെക്ഷൻ ഓഫീസർ